(ബി) 30-4-2004-ലെ കണക്കനുസരിച്ച് പ്രസ്തുത കോർപ്പറേഷന്റെ ബാദ്ധ്യതകൾ എത്രയാണ്;

(സി) പ്രസ്തുത കോർപ്പറേഷന്റെ ഇപ്പോൾ പലിശയിനത്തിൽ പ്രതിമാസം എന്തു തുക കൊടുക്കുന്നുണ്ട് ?

ഉത്തരം

(എ) മുതൽ (സി) വരെ വിവരം ശേഖരിച്ചുവരുന്നു.

ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കെ. എസ്. ആർ. ടി. സി. സർവ്വീസ്

88 [2125] ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഇപ്പോൾ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രധാന ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സർവ്വീസുകൾ കെ. എസ്. ആർ. ടി. സി. നടത്തുന്നുണ്ടെന്നു പറയുമോ ;

(സി) പിതൃതർപ്പണത്തിനുള്ള പ്രധാന കേന്ദ്രങ്ങളിലൊന്നായ തിരുനെല്ലി ക്ഷേത്രത്തെ സംസ്ഥാനത്തുള്ള ഏതെല്ലാം പ്രധാന ക്ഷേത്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ബസ് സർവ്വീസ് കെ. എസ്. ആർ. ടി. സി. നടത്തുന്നുണ്ട് എന്നു വെളിപ്പെടുത്താമോ ;

(ഡി) കൊടിയൂർ, കാടാംപുഴ, ഗുരുവായൂർ, കൊല്ലൂർ, ഉടുപ്പി, തൃശ്ശൂർ, തിരമാന്ധാംകുന്ന് എന്നീ സ്ഥലങ്ങളിലെ പ്രസിദ്ധ ക്ഷേത്രങ്ങളുമായി ബന്ധിപ്പിച്ചു കൊണ്ട് തിരുനെല്ലിയിൽനിന്നും കെ. എസ്. ആർ. ടി. സി. സർവ്വീസ് ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മാത്രം സർവ്വീസുകൾ നടത്തുന്നില്ല. എന്നാൽ കേരളത്തിലെ വിവിധ ഡിപ്പോകളിൽനിന്നും എല്ലാ പ്രധാന ക്ഷേത്രങ്ങളിലേയ്ക്കും കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തിരുനെല്ലിയിൽനിന്നും ഗുരുവായൂരിലേക്ക് കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly